**പതിമൂന്നാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2738. 2.4.2013 ൽ മറുപടിക്ക്

<u>സ്കിൽ ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവുമാർക്കുവേണ്ടി ക്യാമ്പസ് റിക്രൂട്ട്മെന്റ്</u>

**<u>ചോദ്യം</u>** **<u>മറുപടി</u>**

ശ്രീ.കെ.എൻ. എ. ഖാദർ.
ശ്രീ എൻ. ഷംസുദ്ദീൻ.
ശ്രീ .സി.എം. ഉമ്മർ മാസ്റ്റർ.
ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി.

ശ്രീ.പി.കെ. അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സ്കിൽ ഡവലപ്പ്മെന്റ് എക്സിക്യൂട്ടീവുമാർക്കുവേണ്ടി ക്യാമ്പസ് റിക്രൂട്ട്മെന്റ് നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | എ) | അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിലെ സ്കിൽ ഡവലപ്പ്മെന്റ് എക്സിക്യൂട്ടീവുകളായി കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ് എയ്ഡഡ് ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിലെയും അവസാന വർഷ ബിരുദ ബിരുദാനന്തര വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്ന കാമ്പസ് റിക്രൂട്ട്മെന്റ് പദ്ധതി നടപ്പാക്കി. |
| ബി) | എങ്കിൽ റിക്രൂട്ട്മെന്റിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളെന്തെല്ലാമെന്ന് വിശദമാക്കുമോ; | ബി) | ഗ്രൂപ്പ് ഡിസ്കഷനിൽ വിജയിക്കുന്ന വിദ്യാർത്ഥികളെ ഇംഗ്ലീഷ് അദ്ധ്യാപകനും പൊതുമേഖലാ വ്യവസായ സ്ഥാപനത്തിന്റെ പ്രതിനിധിയും ഉൾപ്പെടെ ഒരു പാനൽ ആണ് ഇംഗ്ലീഷ് പ്രാവീണ്യവും കമ്മ്യൂണിക്കേറ്റീവ് സ്കില്ലുമുള്ള വിദ്യാർത്ഥികളെ തെരെഞ്ഞെടുക്കുന്നത്. |
| സി) | ഇവരുടെ സേവനം ഏതുവിധത്തിൽ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിദ്യാർത്ഥികൾക്ക് ആധുനിക വിദ്യാഭ്യാസരീതികളിൽ പരിശീലനം നല്കാൻ ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നുണ്ടോ? | സി) | പ്രാഥമിക തിരഞ്ഞെടുപ്പിൽ സെലക്ട് ചെയ്യപ്പെട്ട 5100 വിദ്യാർത്ഥികൾക്ക് ഏപ്രിൽ മുതൽ ജൂലൈ വരെ കോളേജുകളിൽ നടത്തുന്ന 21 ദിവസത്തെ ട്രയിനിംഗ് പ്രോഗ്രാമിൽ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, ഐ.ടി, സോഷ്യൽ സ്കിൽ എന്നിവയിൽ പരിശീലനം നൽകുന്നതാണ്. ഇതിന് ശേഷം അവരെ ഒരു ഓൺലൈൻ ടെസ്റ്റും ഇന്റർവ്യൂം നടത്തികൊണ്ട് സ്കിൽ ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവുകളായി തിരഞ്ഞെടുക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ